# ഉറവ്

ഡിജിററൽ മാഗസിൻ



ഗവ.ഹയർ സെക്കണ്ടറി സ്കൂൾ
ചുണ്ടങ്ങാപൊയിൽ

# URAVU

## DIGITAL MAGAZINE



A Little Kites Publication

**GHSS CHUNDANGAPOIL**

# EDITORIAL BOARD


| | |
|---|---|
| **Student Editor..........** | **Alona Rajeev** |
| **Sub Editors...............** | **Jeevan Francis** |
| | **Avanthika Raj** |
| | **Sivananda** |
| | **Rigved** |
| **Editors......................** | **Akshaya C** |
| | **Amal Rag V M** |
| | **Amaya P** |
| | **Anagha K P** |
| | **Anu Adeep** |
| | **Aswanth K** |
| | **Avanthika S M** |
| | **Devapriya M A** |
| | **Goutham Raj U P** |
| | **Keerthana C** |
| | **Muhammed Sinan K** |
| | **Muhammed Zidan k** |
| | **Rabeeh M P** |
| | **Sanaha Sajeev** |
| | **Vishnu Prasad K K** |
| | **Yadu Krishna P S** |
| | **Samvritha A K** |

# Little Kites Unit
# 2019-2021



# പ്രകൃതിതൻ മായകൾ

കളകളം പാടുന്ന
പുഴയുടെ ഈണവും ,
കത്തിജ്വലിക്കുന്ന
സൂര്യന്റെ താപവും ,
മധുവിനെ ചുറ്റി
പറക്കുന്ന ഭ്രമരവും ,
നീലാകാശത്തിൽ
പാറിപറക്കുന്ന കിളിയും ,
ആകാശത്തിൻ കീഴിൽ
ഭൂമിതൻ  മാറിൽ
എത്ര ചെടികള് മുളക്കുന്നു ,
വളരുന്നു , പൂക്കുന്നു ,
കായ്ക്കുന്നു .
ഇവയെല്ലാം അമ്മതൻ
പ്രകൃതിതൻ മായകൾ../

അലോന രാജീവ്



# വിശപ്പ്

ഒരുകൊച്ചു കുഞ്ഞിന്റെ
വിൽ നിറയെ അലഞ്ഞിടുമ്പോൾ
തീനാളമൂതിക്കെടുത്തും
വിശപ്പിങ്ങുറാഞ്ചിടുന്നേ.




ഒരു തുള്ളി വെള്ളം കിട്ടാതെ
കരിഞ്ഞൊരു ചെടിയെ
പോലെ
ആ കുഞ്ഞിന്റെ തൊണ്ട
വരണ്ടിടുന്നു.

കൈകാലുകൾ തളരുന്നു
കുഞ്ഞിനെ വകവയ്ക്കാതൊരുപറ്റം
ഇടറുന്ന ശബ്ദം തെരു -
ജനങ്ങൾ തെരുവിന്നോരത്തുകൂടി കടന്നിടുന്നു
കുഞ്ഞിന്റെ നിസ്സഹായത
പൂണ്ട ആനനം തന്നിലെപുഞ്ചിരി മാഞ്ഞിടുന്നു.

.................അക്ഷയ. സി

# വിശപ്പറിഞ്ഞ നിമിഷം

ഒരു ദരിദ്ര കുടുംബത്തിലാണ് അപ്പു ജനിച്ചു വളർന്നത് . അപ്പുവിന് ഒരു അനിയനും രണ്ട് അനിയത്തിമാരും ഉണ്ടായിരുന്നു. അവന്റെ അച്ഛൻ വലിയൊരു മുതലാളിയുടെ കീഴിൽ ജോലിചെയ്യുന്നവനായിരുന്നു.അയാളുടെ മുതലാളിക്ക് വേഗം ദേഷ്യംവരുമായിരുന്നു. അപ്പുവിന്റെ അമ്മയ്ക്ക് വലിയൊരു അസുഖമുണ്ടായിരുന്നു. അവന്റെ അച്ഛന് വളരെ കുറവു ശമ്പളമായിരുന്നു ലഭിച്ചിരുന്നത്. ആ ശമ്പളം അവന്റെ അമ്മയുടെ ചികിത്സയ്ക്ക് മാത്രമേ തികയുമായിരുന്നുള്ളു. ചില ദിവസങ്ങളിൽ മുതലാളി പണം തികച്ചും കൊടുക്കാറില്ല. അപ്പുവിന് പഠിക്കാൻ സാധിച്ചിരുന്നില്ല. അവനൊരു ആഗ്രഹമുണ്ടായിരുന്നു,അവന്റെ താഴെയുള്ള മൂന്നു പേരെയും പഠിപ്പിക്കണമെന്ന്.

അതിനുവേണ്ടി അപ്പു പലയിടങ്ങളിൽ ചെറപ്പത്തിൽ തന്നെ ജോലി ചെയ്തു. അമ്മയുടെ അസുഖം കൂടിയതോടെ ചെലവും കൂടി. അവർക്ക് തുടർ ചികിത്സ നടത്താനായില്ല. അമ്മ അവരോട് വിടപറഞ്ഞു മറ്റൊരു ലോകത്തേക്ക് പോയി. അച്ഛൻ ഒരു അപകടത്തിലും മരിച്ചു. അച്ഛന്റെയും, അമ്മയുടെയും, മരണത്തിനു ശേഷം അവർ നാലുപേരും തികച്ചും അനാഥരായി. ആ വീട്ടിലെ ദാരിദ്ര്യം അപ്പുവിന് മാത്രമേ അറിയാമായിരുന്നുള്ളു. അതു പോലെ തന്നെ അപ്പു ഒരു വിശപ്പും ഇല്ലാതെ തുടർന്നും വളർത്തി.

**അഭിനിത**

## അമ്മയാം ഭൂമിയെ കാത്തീടാം....

ഒരു കൊച്ചു പുഴയുടെ
കളകളനാദം കേട്ടുണർന്നകാലം
ഒരു നല്ല കിളിയാ
മരത്തിന്റെ കൊമ്പിൽ
മധുര സഗീതം പൊഴിച്ച കാലം
മലകൾക്കുമീതെ അരുണ-
നദിപ്പതുവരച്ച കാലം
ഇന്നാപ്പുഴ വരണ്ടുണങ്ങി
കിളികൾക്കിരിക്കാൻ മരമില്ല
മലകളിടിച്ചു വയൽ നികത്തി
പുഴകളിൽ നിറയെ മലിനജലം
മലകളായി പൊങ്ങുന്ന
മാലിന്യങ്ങൾ
വിഷമയമാകുന്ന ദൂമിമാതാ
ഇനിയാര് നമ്മെ കാത്തീടും
അരുമയാം ദൂമിയെ കാത്തീടും

**അലോന രാജീവ്**

# ലോകം നശിക്കുന്നു

ലോകം നശിക്കുന്നു നമ്മുടെ
നാട്ടു നശിക്കുന്നു.
മരം മുറിക്കുന്നു നമ്മുടെ
മല ഇടിക്കുന്നു.
വയൽ നികത്തി
അവിടെ ഫ്ളാറ്റുകൾ
വരുന്നുണ്ടല്ലോ.....
ഫ്ളാറ്റുകൾ വന്നാലോ പിന്നെ
പുകയുടെ അളവായി
കാർബൺഡൈ ഓക്സൈഡ്
പിന്നെ കൂട്ടുകയുണ്ടായി.
ലോകം നശിക്കുന്നു
നമ്മുടെ നാട് നശിക്കുന്നു.

അമൃത.


# ജീവിതത്തിന്റെ കയറ്റിയിറക്കങ്ങൾ

പടിവാതിൽക്കൽ ആരെയും കാണുന്നല്ല. ഹ അതാ ഒരു വീട്ടമ്മ പിന്നാമ്പുറത്തുനിന്ന് എത്തിനോക്കുന്നു ആരാ എന്തുവേണം. അമ്മാ വല്ലതും കഴിച്ചിട്ട് മൂന്നുദിവസമായി. അതേ നിങ്ങളിവിടെ ഇരിക്ക് കുറച്ച് പഴംകഞ്ഞിയുണ്ട്. അന്നത്തെ വിശപ്പടക്കാനുള്ളത് നാളെ ഞാൻ എവിടെ പ്പോകും ഇതാ കഴിച്ചോളൂ. കഴിച്ച കഴിഞ്ഞ് ആ ഗൃഹനാഥയോട് കുറച്ച് കഞ്ഞി പൊതിഞ്ഞുതരുമോ എന്റെ മോൾക്ക് കൊടുക്കാനാ അവൻ ആ കഞ്ഞി അവന്റെ തേപ്പുപ്പെട്ടി കൊണ്ടു പോകുന്ന വണ്ടിയിൽ വച്ചുകൊണ്ട് യാത്ര തുടർന്നു. കുറച്ച് ദൂരം ചെന്നപ്പോൾ കുറേ തുണികൾ കിട്ടി. അവൻ അത് തേച്ച്കൊടുക്കാമെന്നേറ്റ് പണിതുടങ്ങി സമയം നാല് മണികഴിഞ്ഞു. അപ്പോൾ അവന് പ്പെട്ടന്ന് ഓർമ വന്നു. അവന്റെ മകൾ സ്കൂൾ വിട്ടുവരാൻ സമയമായിരിക്കുന്നു. അവൾ പഠിക്കാൻ മിടുക്കിയാണ്. അവളുടെ ആവശ്യങ്ങളൊന്നും അവൾ അച്ഛനോട് പറഞ്ഞിരുന്നില്ല.

അങ്ങനെ വർഷങ്ങൾ ഏറെക്കഴിഞ്ഞു. മകൾ പഠിച്ച് ഡോക്ടറായി. അവൾ അവളെ നോക്കി വളർത്തിയ അച്ഛനെ ഉപക്ഷിച്ചില്ല. മകളുടെ കല്ല്യാമണം കഴിഞ്ഞു. മകൾ ചെറുപ്പം മുതലേ ചോദിക്കുന്ന ചോദ്യമായിരുന്നു. ആരായിരുന്നു എന്റെഅമ്മ. അച്ഛൻ അവളോട് ആ സത്യം പറഞ്ഞു .

നമ്മുടെ ദാരിദ്ര്യംകാരണം അവൾ എന്നെയും നിന്നെയും ഇട്ടേച്ച്പോയി. പിന്നെ ഞാൻ നിന്റെ അമ്മയെ കണ്ടിട്ടില്ല. കുറേനാൾ ക്കഴിഞ്ഞ് അവൾക ക്കൊരു കുട്ടി പിറന്നു. കുട്ടി ഒന്നാം ക്ലാസിൽ പഠിക്കുമ്പോൾത്തന്നെ അവളുടെ അച്ഛനും അമ്മയും അപകടത്തിൽ മരണമടഞ്ഞു. പിന്നെപ്രാരാഭ്ധങ്ങൾ മുഴുവൻ ആ കിഴവന്റെ തലയിലായി. പിന്നെയും അയാൾ ദാരിദ്ര്യനായി. ദൈവത്തിന്റെ കൃപയാൽ അയാൾക്കൊരുനല്ലജോലികിട്ടി. ഒരുകടയിലാണ് അയാൾക്ക് ജോലികിട്ടിയത്. രാമൻ മുതലാളി ദാമുവിനെ വല്ലാതെ കഷ്ടപ്പെടുത്തി അയാൾ ജോലിചെയ്തുകിട്ടിയ ശമ്പളം കൂട്ടിക്കൂട്ടി ദാമു ഒരു കടതുടങ്ങി. നിത്യ സ്റ്റോർസ് എന്ന് കടയ്ക്കുപേരുനൽകി ദാമുവിന്റെ കൊച്ചുമോളായിരുന്ന നിത്യ.ദാമു ദരിദ്രർക്ക് സൗജന്യനായി സാധനങ്ങൾ കൊടുത്തിരുന്നു. കാരണം ദാമുവിന് ദരിദ്രന്റെ ജീവിതം എങ്ങനെയെന്ന് അറിയാമായിരുന്നു.







**Jeevan Francis- IX**



**Yadhu - IX**



**Amal Rag - IX**



# ഗണിതോത്സവം



